പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2416      19.07.2016-ലെ മറുപടിക്ക്

**കെ. എസ്. ആർ. ടി. സി - യിലെ കരിഓയിൽ വിൽപ്പന**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കരിഓയിൽ വിൽപ്പനയിൽ കെ. എസ്. ആർ. ടി. സി നിലവിൽ ആരുമായാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്; | (എ) | M/s APJ Refineries, പാലക്കാട്. |
| (ബി) | പ്രസ്തുത കരാറിന്റെ വിശദാംശം നൽകാമോ; | (ബി) | കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ M/s MSTC (Metal Scrap Trading Corporation Ltd, Public Sector Undertaking under the Administrative Control of Ministry of Steel, Govt. of India) മുഖേന e-auction നിലൂടെയാണ് കരാർ അനുവദിച്ചു നൽകിയത്. അപ്രകാരം ബാരൽ ഉൾപ്പെടെ ലിറ്ററിന് രൂപ 13.002 + Tax എന്ന നിരക്കിൽ കെ.എസ്. ആർ.ടി.സി-യുടെ 97 യൂണിറ്റുകളിൽ നിന്ന് 3,76,650 ലിറ്റർ ഉപയോഗിച്ച ഓയിൽ M/s APJ Refineries ന് നൽകിയിട്ടുണ്ട്. 17.11.2015-ൽ മേൽ പറഞ്ഞ M/s MSTC -യുടെ e-auction മുഖേന നാലാം തവണ നടത്തിയ ലേലത്തിലാണ് നിരക്ക് ഉറപ്പിക്കാൻ സാധിച്ചത്. ഉപയോഗ്യശൂന്യമായ ഈ ഓയിലിന്റെ വിപണനത്തിന് മൂന്നു തവണ ലേലം നടത്തിയിട്ടും ഈ ലേലത്തിൽ യോഗ്യത നേടാൻ ആർക്കും സാധിച്ചില്ല. നാലാം തവണ ലേലം നടത്തിയപ്പോൾ മാത്രമാണ് ഇതു വിൽക്കാൻ കെ.എസ്.ആർ.ടി.സിയ്ക്ക് സാധിച്ചത്. ഇതു കൂടാതെ ഉപയോഗ്യശൂന്യമായ ഓയിൽ Hazardous Waste Category |

<table>
<tr>
<td></td>
<td></td>
<td></td>
<td>യിൽ വരുന്നു. Hazardous Waste Management and Handling Rules 1989 പ്രകാരം recycling ലൈസൻസുള്ള സ്ഥാപനങ്ങൾക്ക് മാത്രമേ ഉപയോഗശൂന്യമായ ഓയിൽ വിൽക്കുവാൻ കഴിയുകയുള്ളു. Central and State Pollution Control Board-ൽ നിന്ന് ഇതിലേക്കായി ലൈസൻസ് നൽകിയിട്ടുള്ള സ്ഥാപനങ്ങൾക്കു മാത്രമേ ഈ ലേലത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളു. 17.11.2015-ൽ M/s MSTC -യുടെ e-auction മുഖേന നാലാം തവണ നടത്തിയ ലേലത്തിൽ പങ്കെടുത്ത ആറ് സ്ഥാപനങ്ങളിൽ നിന്ന് ഏറ്റവും ഉയർന്ന വില വാഗ്ദാനം നൽകിയ M/s APJ Refineries എന്ന സ്ഥാപനത്തിന് ലേലത്തിലെ എല്ലാ നിബന്ധനകളും പാലിച്ചാണ് വില്പന നടത്തിയത്.</td>
</tr>
<tr>
<td>(സി)</td>
<td>കഴിഞ്ഞ തവണ പ്രസ്തുത വിഷയത്തിൽ കെ. എസ്. ആർ. ടി. സി കരാറിൽ ഏർപ്പെട്ടിരുന്നത് ആരുമായാണ് എന്നതിന്റെ വിശദാംശം വെളിപ്പെടുത്താമോ;</td>
<td>(സി)</td>
<td>മുമ്പ് ലേലം നടത്തിയതിന്റെ വിശദാംശങ്ങൾ ചുവടെ കാണിക്കുന്നു. 2013-ലാണ് ഇതിനുമുൻപ് ഉപയോഗശൂന്യമായ ഓയിൽ M/s MSTC ഈ-ദർഘാസ് മുഖേന വിൽപ്പന നടത്തിയത്. അതിന്റെ വിവരം ചുവടെ കാണിക്കുന്നു.
<table>
<tr><th>Year</th><th>Company Name</th><th>Quantity in Ltrs.</th><th>Amount per Ltr (exclusive taxes and inclusive of barrel)</th></tr>
<tr><td>2013</td><td>M/s. APJ Refineries, Palakkad</td><td>2,96,697</td><td>Rs. 30.75/-</td></tr>
</table>
</td>
</tr>
<tr>
<td>(ഡി)</td>
<td>പ്രസ്തുത വിൽപ്പനയുടെ ടെൻഡർ വ്യവസ്ഥകൾ പ്രകാരം കഴിഞ്ഞ തവണ വിറ്റതിനേക്കാൾ കുറഞ്ഞ തുകയ്ക്ക് കരാർ നൽകാൻ സാധിക്കുമോയെന്ന് വിശദമാക്കാമോ?</td>
<td>(ഡി)</td>
<td>കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ M/s MSTC (Metal Scrap Trading Corporation Ltd, Public Sector Undertaking under the Administrative Control of Ministry of Steel, Govt. of India) ഇ-ദർഘാസ് മുഖേന ഇ-ലേലം നടത്തിയാണ് 2012 മുതൽ</td>
</tr>
</table>

| | | | |
|---|---|---|---|
| | | | കെ.എസ്.ആർ.ടി.സി.യുടെ സ്ക്രാപ്പ് സാധനങ്ങളും, ഉപയോഗിച്ച ഓയിലും വിൽപ്പന നടത്തി വരുന്നത്. ഉപയോഗിച്ച ഓയിൽ, മറ്റു തരത്തിലുള്ള സ്ക്രാപ്പ് സാധനങ്ങൾ എന്നിവയ്ക്ക് കാലകാലങ്ങളിൽ വിപണിയിലെ വിലനിലവാരം അനുസരിച്ച് വിലകൂടുകയോ കുറയുകയോ ചെയ്യാറുണ്ട്. |

സെക്ഷൻ ഓഫീസർ